(സി) രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിച്ച് രോഗം മാറിയിട്ടും, ബന്ധുജനങ്ങൾ സ്വീകരിക്കാതെ വൃദ്ധ സദനങ്ങളിൽ കഴിയുന്ന എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി, വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപവത്ക്കരിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം അനുസരിച്ചുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 500 രൂപയിൽ നിന്ന് 600 രൂപയായും 80 വയസ്സു കഴിഞ്ഞവർക്ക് 1,100 രൂപയിൽ നിന്ന് 1,200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് 15 സർക്കാർ വൃദ്ധ സദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ബന്ധുക്കൾ ഉപേക്ഷിക്കുന്ന വൃദ്ധജനങ്ങളെ കണ്ടെത്തിയാൽ/ലഭിച്ചാൽ സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. ബന്ധുക്കൾക്കെതിരെ വയോജനങ്ങൾ പരാതി നൽകുകയാണെങ്കിൽ നിലവിലുള്ള മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി റവന്യൂ ഡിവിഷണൽ ആഫീസർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം വയോജനങ്ങളെ സഹായിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ആഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായും നിയമിച്ചിട്ടുണ്ട്.

(സി) ഇവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ്

333 (3621) ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ദിവസം അനാഥാലയങ്ങളിലെ ഒരു അന്തേവാസിക്ക് വസ്ത്രം, ഭക്ഷണം ഇടങ്ങിയവയ്ക്ക് ചെലവ് വരുന്നത് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സർക്കാർ നൽകുന്ന ഗ്രാന്റ് ഇതിന് മതിയാകുന്നതാണോ ;

(സി) വിദേശ സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് ചെലവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെലവ് സംബന്ധിച്ച നിരക്ക് പുതുക്കിയത് ഏത് വർഷമാണ് ;

(ഇ) ഒരു അന്തേവാസിക്ക് വിദേശ സഹായവും ഗ്രാന്റും ഉൾപ്പെടെയുള്ള ചെലവ് സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(എഫ്) ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് പുനപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ ; സംസ്ഥാനത്തിനു പുറത്തുള്ള അന്തേവാസികളെ സ്വീകരിക്കുന്നതിന് ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് നൽകേണ്ട ഉദ്യോഗസ്ഥൻ ആരെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 800 രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകി വരുന്നു.

(ബി) അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് കലോചിതമായി വർദ്ധിപ്പിക്കാറുണ്ട്.

(സി) സർക്കാർ നൽകുന്ന ബോർഡിംഗ് ഗ്രാന്റും വിദേശ ധനസഹായമായി ലഭിയ്ക്കുന്നതും കൂട്ടിയുള്ള തുക 1,500 രൂപയിൽ കൂടുതൽ വരുന്ന പക്ഷം കൂടുതലായി വരുന്ന തുക സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിൽ കുറവ് വരുത്തുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) 2012 മുതലാണ് പുതിയനിരക്ക് നിലവിൽ വന്നത്.

(ഇ) പരിഗണനയിലുണ്ട്.

(എഫ്) ഓർഫനേജുകളുടെ മിനിമം സ്റ്റാൻഡേർഡിനുള്ള റഗുലേഷൻ പുതുക്കുന്നത് അന്തിമഘട്ടത്തിലാണ്. അത് അംഗീകരിയ്ക്കുന്ന മുറയ്ക്ക് ഗ്രാന്റ് ഇൻ എയ്ഡ് റൂൾസും പുതുക്കുന്ന നിർദ്ദേശം പരിഗണിക്കുന്നതാണ്.

(ജി) ഇല്ല. സംസ്ഥാനത്തിന് പുറത്ത് നിന്നുവരുന്ന കുട്ടികൾക്ക് സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയില്ല. ഇപ്രകാരം പുറത്ത് നിന്ന് വരുന്ന കുട്ടികൾക്ക് ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചിട്ടില്ല. ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അംഗീകരിച്ചുനൽകുന്ന ലിസ്റ്റിൻ പ്രകാരമുള്ള കുട്ടികളെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതിയോടുകൂടി പ്രവേശനം നൽകാനാണ് നിഷ്കർഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly